പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രച്ചിഹ്നമിടാത്ത ചോദ്യം നമ്പർ 852

28.09.2011 ൽ മറുപടിയ്ക്ക്.

## 'സമ്പൂർണ്ണ ചികിത്സാ പദ്ധതി' വഴി ആദിവാസികൾക്ക് സൗജന്യ ചികിത്സ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. സാജു പോൾ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | മറുപടി<br>ശ്രീമതി പി കെ ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) മുൻ സർക്കാർ ആദിവാസി വിഭാഗങ്ങൾക്കായി പത്തു കോടി ചെലവിൽ ഏർപ്പെടുത്തിയ 'സമ്പൂർണ്ണ ചികിത്സാ പദ്ധതി' ഇപ്പോൾ തുടരുന്നുണ്ടോ; ഇപ്രകാരം എത്ര ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭിച്ചിട്ടുണ്ട് ; ഇതിനായി ചെലവഴിച്ച തുക എത്ര; | (എ) 2003-04ൽ അധിക കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് 2008 മുതൽ പട്ടികവർഗ്ഗക്കാർക്കായി ആരംഭിച്ച സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി ഇപ്പോഴും തുടർന്നു വരുന്നുണ്ട്. പ്രോഗ്രസ്സ് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 31.7.2011 വരെ 1,12,713 പട്ടികവർഗ്ഗക്കാർക്ക് സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിച്ചിട്ടുണ്ട്. ഇതിനായി മേൽ പറഞ്ഞ കാലയളവ് വരെ 10,05,08,377/- രൂപ (പത്തു കോടി അഞ്ചു ലക്ഷത്തി എണ്ണായിരത്തി മുന്നൂറ്റി എഴുപത്തി ഏഴു രൂപ മാത്രം) വിവിധ ആശുപത്രികൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് 2011 ജൂൺ മാസം 30-ന് നീക്കിയിരിപ്പുണ്ടായ തുക എത്ര; | (ബി) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ല ട്രഷറിയിൽ സ്ഥിരമായി നിക്ഷേപിച്ചിട്ടുള്ള തുകയിൽ 30.6.11 വരെ 1,05,55,591/- (ഒരു കോടി അഞ്ചു ലക്ഷത്തി അൻപത്തയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) അവശേഷിക്കുന്നുണ്ട് |
| (സി) ഈ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ഇതിനായി തുക നീക്കിവെച്ചിട്ടുണ്ടോ? | (സി) ഈ പദ്ധതിക്കായി ബഡ്ജറ്റിൽ യതൊരു തുകയും വകകൊള്ളിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ